14-8-2007-ലെ ജി.ഒ.(പി)നമ്പർ154/2007/പൊ.വി.വ. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഹയർസെക്കന്ററി സ്കൂളുകളിൽ ദിവസ വേതനാ ടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നത്. ടി ഗസ്റ്റ് അദ്ധ്യാപക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നടത്തുമ്പോൾ കാലതാമസം നേരിടും. കൂടാതെ ഇപ്രകാരം നിയമനം നടത്തുകയാണെങ്കിൽ ടി തസ്തികയുടെ ശമ്പള സ്കെയിൽ അനുസരിച്ച് വേതനം നൽകേണ്ടതായും വരും. ഇത് സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കും. നിലവിൽ ഗസ്റ്റ് അദ്ധ്യാപക നിയമനത്തിന് ദിവസവേതനം മാത്രമേ അനുവദിച്ചിട്ടുള്ളൂ. ആയതിനാൽ ഗസ്റ്റ് അദ്ധ്യാപക നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്ന കാര്യം സർക്കാർ ആലോചിച്ചിട്ടില്ല.

സമഗ്ര വിദ്യാഭ്യാസ പദ്ധതി

53 (1129) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര വിദ്യഭ്യാസ പദ്ധതി എത്ര നിയോജക മണ്ഡലങ്ങളിൽ നടപ്പിലാക്കി വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കാൻ 57 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ അനുമതി നൽകിയിട്ടുണ്ട്. അതിൽ 9 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ആശയരൂപീകരണവും 6 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ പ്രോജക്ട് തയ്യാറാക്കലും, 40 അസംബ്ലി നിയോജക മണ്ഡലങ്ങളിൽ ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, എന്നിവയും പ്രൈമറിതലം മുതൽ ഹയർസെക്കന്ററിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതുസംബന്ധിച്ച മാനേജ്മെന്റ് പരിശീലനവും സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കി കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയുടെ നടത്തിപ്പിനായി സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ സമഗ്രവിദ്യാഭ്യാസ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആശയരൂപീകരണം, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രോജക്ട് തയ്യാറാക്കൽ, നിയോജക മണ്ഡലത്തിലെ പ്രൈമറിതലം മുതൽ ഹയർസെക്കന്ററിതലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്രവിദ്യാഭ്യാസ പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ നടത്തിവരുന്നു.

(സി) പ്രസ്തുത പദ്ധതിക്കായി യുകെയൊന്നും വകയിരുത്തിയിട്ടില്ല. എം.എൽ.എ.-മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ/എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധസംഘടനകൾ എന്നീ ധനസ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിവരുന്നത്.

ഹയർ സെക്കണ്ടറി തുല്യതാ കോഴ്സ്

54 (1130) ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി തുല്യതാ കോഴ്സിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) പത്താം തരം തുല്യത വിജയിച്ചവർ, ഔപചാരിക പഠനത്തിനിടയിൽ വിജയിച്ച് പഠനം തുടരാൻ കഴിയാത്തവർ, പ്രീ-ഡിഗ്രി കോഴ്സ് വിജയിക്കാത്തവർ എന്നിവരെ കണ്ടെത്തി തുടർന്ന് പഠിക്കാൻ അവസരം നൽകുക, പഠനം നഷ്ടപ്പെട്ടു പോയവരെ അതിലേക്ക് തിരികെ കൊണ്ടുവന്ന് ജീവിത സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ ഉതകുന്ന ക്രിയാത്മകവും വിമർശനാത്മകവുമായ ചിന്ത വളർത്തുക, തൊഴിൽ/സംരംഭകത്വശേഷി പഠിതാക്കളിൽ വളർത്തുക, പാർശ്വവൽക്കരിക്കപ്പെട്ടവരിലും അവകാശങ്ങൾ നിഷേധിക്കപ്പെട്ടവരിലും പുനർ പഠനത്തിലൂടെ ആത്മാഭിമാനവും ആത്മവിശ്വാസവും വളർത്തുക എന്നിവയാണ് ഹയർ സെക്കണ്ടറി തുല്യത കോഴ്സ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly